REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-05-2026 സമയം 12.30 M

## പ്രധാന വാർത്തകൾ

- **തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടി സുപ്രീംകോടതി ശരി വെച്ചു.**
- **മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെയും മുൻ മന്ത്രി PA മുഹമ്മദ് റിയാസിന്റെയും വീടുകളിൽ ED റെയ്ഡ് തുടരുന്നു.**
- **പിണറായി വിജയന്റെ വീട്ടിലെ ED റെയ്ഡിനെ അപലപിച്ച് CPIM ജനറൽ സെക്രട്ടറി MA ബേബി. റെയ്ഡ് രാഷ്ട്രീയ പക പോക്കലെന്ന് സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ.**
- **ഇസ്ലാം മത വിശ്വാസികൾ നാളെ ബലി പെരുന്നാൾ ആഘോഷിക്കും. ഗൾഫ് രാജ്യങ്ങളിൽ ബക്രീദ് ഇന്ന്.**
- **IPL ക്രിക്കറ്റിൽ വൈകീട്ട്, എലിമിനേറ്റർ മാച്ചിൽ സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടി സുപ്രീംകോടതി ശരി വെച്ചു. സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പിന് സംശുദ്ധ വോട്ടർപട്ടിക ഭരണഘടനാപരമായ അനിവാര്യതയാണെന്ന് കോടതി വിധിച്ചു. 1950-ലെ ജന പ്രാതിനിധ്യ നിയമ പ്രകാരം തീവ്ര വോട്ടർപട്ടിക പരിഷ്കരണം നടപ്പാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരമുണ്ട്. ബിഹാറിൽ ആദ്യമായി SIR നടപ്പാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ കഴിഞ്ഞ ജൂൺ അവസാനം പുറപ്പെടുവിച്ച വിജ്ഞാപനം ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളിലാണ് കോടതി വിധി. ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്തും ജസ്റ്റിസ് ജോയ്മല്യ ബാഗ്ചിയും ഉൾപ്പെട്ട ബെഞ്ചാണ് വിധി പുറപ്പെടുവിച്ചത്.

തെരഞ്ഞെടുപ്പ് കമ്മീഷൻ, തീവ്ര വോട്ടർപട്ടിക പരിഷ്കരണം നടപ്പാക്കാൻ അമിതാധികാരം ഉപയോഗിച്ചുവെന്ന് പറയാനാകില്ലെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. ഇതിനുമുമ്പത്തെ വോട്ടർപട്ടിക പരിഷ്കരണം 40 വർഷം പിന്നിട്ടതായും സുപ്രീം കോടതി നിരീക്ഷിച്ചു.

✪✪✪

മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെയും  മരുമകനും മുൻ മന്ത്രിയുമായ മുഹമ്മദ് റിയാസിന്റെയും വീടുകളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് റെയ്ഡ് നടത്തുന്നു.

എക്സാലോജിക് - CMRL ഇടപാടുമായി ബന്ധപ്പെട്ടാണ് റെയ്ഡെന്നാണ് വിവരം.

CMRL മായി ബന്ധപ്പെട്ട 12 ഇടങ്ങളിൽ റെയ്ഡ് നടത്തുന്നുണ്ട്.

പിണറായി വിജയന്റെ തിരുവനന്തപുരത്തെ വാടക വീട്ടിലും കണ്ണൂരിലെ വീട്ടിലുമാണ് ED പരിശോധന നടത്തുന്നത്. രാവിലെ ആരംഭിച്ച പരിശോധന ഇപ്പോഴും തുടരുകയാണ്.

റിയാസിന്റെ കോഴിക്കോട് കോട്ടൂളിയിലെ വസതിയിലാണ് റെയ്ഡ്.

✪✪✪

മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ തിരുവനന്തപുരം വാടക വീട്ടിലും കണ്ണൂരിലെ വീട്ടിലും അടക്കം ഉണ്ടായ ED റെയ്ഡിന് പിന്നിൽ രാഷ്ട്രീയ പക പോക്കലാണെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ആരോപിച്ചു. പിണറായിയെ കടന്നാക്രമിക്കുകയാണ് നടപടിയുടെ ലക്ഷ്യമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.  റെയ്ഡിനെതിരെ ജനങ്ങളെ അണിനിരത്തി പ്രതിഷേധിക്കുമെന്നും പിണറായി വിജയനുമായി കേസിന് യാതൊരു ബന്ധവുമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

പിണറായി വിജയന്റെ കണ്ണൂർ പാണ്ട്യാല മുക്കിലെ വീടിനു മുന്നിൽ പ്രവർത്തകർ  നടപടിയ്ക്കെതിരെ പ്രതിഷേധിച്ചു. P.ജയരാജൻ, വത്സൻ പനോളി,  K. മനോഹരൻ, K. ശശിധരൻ, P.പുരുഷോത്തമൻ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പ്രതിഷേധം.

CPIM നെ തകർക്കാൻ ലക്ഷ്യമിട്ട് BJP നടത്തുന്ന നീക്കമാണ് ഇതെന്നും കോൺഗ്രസ് അതിന് കൂട്ട് നിൽക്കുകയാണെന്നും CPIM കണ്ണൂർ ജില്ലാ സെക്രട്ടറി K K രാഗേഷ് പറഞ്ഞു.

✪✪✪

പിണറായി വിജയന്റെ വീട്ടിലെ ED റെയ്ഡിനെ CPIM ശക്തമായി അപലപിക്കുന്നതായി പാർട്ടി ജനറൽ സെക്രട്ടറി MA ബേബി പറഞ്ഞു. കേരളത്തിന്റെ പ്രതിപക്ഷ നേതാവിനെ ലക്ഷ്യമിട്ട് കേന്ദ്രഗവൺമെന്റിന്റെ ആസൂത്രിത ആക്രമണമാണിതെന്നും ഇത്തരം നടപടികളിലൂടെ പിണറായി വിജയനെയോ CPIMനെയോ ഭയപ്പെടുത്താം എന്ന് കരുതേണ്ടെന്നും ബേബി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ വീട്ടിലെ ED റെയ്ഡിന് അന്വേഷണത്തിലെ തടസ്സങ്ങൾ നീക്കിയിരുന്നുവെന്നും തുടർന്നാണ് റെയ്ഡ് ഉണ്ടായതെന്നും മന്ത്രി K. മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു. EDയെ കോൺഗ്രസിനും വിശ്വാസമില്ലെന്നും അവർ ചെയ്യുന്നത് ശരിയാണെന്ന അഭിപ്രായം ഇല്ലെന്നും മന്ത്രി അറിയിച്ചു. ഇനി സെക്രട്ടേറിയേറ്റിലും ED കയറുന്ന സാഹചര്യം ഉണ്ടായേക്കാമെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് - BJP ബന്ധമെന്ന ആരോപണം അസംബന്ധമാണന്നും, ശബരിമല സ്വർണക്കൊള്ളയിൽ അന്വേഷണം ഊർജിതമാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ആഭ്യന്തരമന്ത്രി അമിത്ഷായുമായി ഡൽഹിയിൽ ചർച്ച നടത്തിയ ശേഷം മുഖ്യമന്ത്രി VD സതീശൻ ഉച്ച കഴിഞ്ഞ് കേരളത്തിലേക്ക് മടങ്ങും. സംസ്ഥാനത്തെ പ്രമുഖ പദ്ധതികൾക്ക് കേന്ദ്രസഹായം തേടാനും കേന്ദ്ര ഗവൺമെന്റിന്റെ പിന്തുണ ഉറപ്പാക്കാനുമാണ് കൂടിക്കാഴ്ച. ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ധനമന്ത്രി നിർമ്മല സീതാരാമനുമായും VD സതീശൻ ചർച്ച നടത്തിയിരുന്നു.

✪✪✪

രാജ്യത്ത് പലയിടത്തും താപനില ഉയരുന്ന സാഹചര്യത്തിൽ, കഴിയുന്നത്ര മുൻകരുതൽ എടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആവശ്യപ്പെട്ടു. വീടുകളിൽ നിന്ന് പുറത്തിറങ്ങുമ്പോൾ കുടിവെള്ളം കരുതണമെന്നും കഴിവതും കടുത്ത വെയിലിൽ പുറത്തുപോകുന്നത് ഒഴിവാക്കണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു.

✪✪✪

മൂന്ന് ദിവസത്തെ സന്ദർശനത്തിന് സിക്കിമിലെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു സിക്കിം സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. നാഥുല പാസ് സന്ദർശിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും മോശം കാലാവസ്ഥയെ തുടർന്ന് യാത്ര റദ്ദാക്കി.

✪✪✪

മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിന്റെ 62-ാം ചരമവാർഷിക ദിനത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള ഡൽഹിയിൽ നെഹ്റുവിന് ആദരാഞ്ജലി അർപ്പിച്ചു. തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിലെ നെഹ്റു പ്രതിമയിൽ രാവിലെ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പുഷ്പാർച്ചന നടത്തി.

✪✪✪

നീറ്റ്- UG ചോദ്യ പേപ്പർ ചോർച്ച കേസിൽ രണ്ട് പ്രതികളെ കൂടി CBI അറസ്റ്റ് ചെയ്തു. ഡൽഹി, ജയ്പൂർ, ഗുരുഗ്രാം, നാസിക്, പൂനെ, ലാത്തൂർ, അഹ്ലിയാനഗർ എന്നിവിടങ്ങളിൽ നിന്ന് കേസിൽ ഇതുവരെ 13 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതുവരെ 49 സ്ഥലങ്ങളിൽ CBI റെയ്ഡ് നടത്തി നിരവധി രേഖകളും ലാപ്ടോപ്പുകളും മൊബൈൽ ഫോണുകളും പിടിച്ചെടുത്തു.

✪✪✪

രാജ്യത്ത് ഇതുവരെ എബോള വൈറസ് ബാധ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് കേന്ദ്രം അറിയിച്ചു. ആഫ്രിക്കയുടെ ചില ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്ത എബോള വൈറസ് വ്യാപനം സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു.

ഉഗാണ്ടയിൽ സമീപകാലത്ത് യാത്ര നടത്തിയ ഒരാളെ ശരീരവേദന റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ബെംഗളൂരുവിലെ എപ്പിഡെമിക് ഡിസീസസ് ആശുപത്രിയിൽ ഐസൊലേറ്റ് ചെയ്തതായും ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31-ന്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലോ, My gov ഓപ്പൺ ഫോറത്തിലോ വഴി മറ്റന്നാൾ വരെ സമർപ്പിക്കാം.

✪✪✪

ഇബ്രാഹിം നബിയുടെ ത്യാഗസ്മരണകൾ പുതുക്കി നാളെ ഇന്ത്യ അടക്കം രാജ്യങ്ങളിൽ ഇസ്ലാം മത വിശ്വാസികൾ ബലി പെരുന്നാൾ ആഘോഷിക്കും. രാവിലെ പുതുവസ്ത്രങ്ങളണിഞ്ഞ് പള്ളികളിലും ഈദ് ഗാഹുകളിലും

വിശ്വാസികൾ പ്രാർത്ഥനകളിലും നമസ്കാരത്തിലും പങ്കുചേരും. ഗൾഫ് രാജ്യങ്ങളിൽ ഇന്നാണ് ബക്രീദ്.

പ്രതികൂല കാലാവസ്ഥ കാരണം ഇത്തവണ കോഴിക്കോട് സംയുക്ത ഈദ് ഗാഹ് ഉണ്ടാകില്ല. പാളയം മൊഹിയുദ്ദീൻ പള്ളിയിൽ പെരുനാൾ നമസ്ക്കാരത്തിന് ഡോ. ഹുസൈൻ മടവൂർ നേതൃത്വം നൽകും.

✪✪✪

ലോകത്തെ ദശലക്ഷക്കണക്കിന് തീർത്ഥാടകർ ഹജ്ജ് തീർത്ഥാടനത്തിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമത്തിൽ പങ്കെടുത്തു. ഇഹ്‌റാം അഥവാ തുന്നൽ ഇല്ലാത്ത വെള്ള വസ്ത്രം ധരിച്ച തീർത്ഥാടകർ അറഫാ പ്രഭാഷണം കേൾക്കുകയും നമിറ പള്ളിയിൽ ഒരുമിച്ച് പ്രാർത്ഥന നടത്തുകയും ചെയ്തു.

മുസ്ദലിഫയിൽ രാത്രി പ്രാർത്ഥനയ്ക്ക് ശേഷം തീർത്ഥാടകർ രാവിലെ മൃഗബലിക്കും പിശാചിനെ കല്ലെറിയുന്നതിനുമായി മിനായിലേക്ക് തിരിക്കും. ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിൽ ഒരു ലക്ഷത്തി 75,000 - ത്തിലധികം ഇന്ത്യക്കാർ പങ്കെടുക്കുന്നുണ്ട്.

ഗൾഫ് രാജ്യങ്ങളിൽ ഇന്നാണ് ബലിപെരുന്നാൾ. ഒമാൻ ഉൾപ്പടെ GCC രാജ്യങ്ങളിൽ പള്ളികളും ഈദ് ഗാഹുകളും ഇന്ന് പ്രാർത്ഥനാ നിർഭരമാവും. കേരളത്തിൽ നാളെയാണ് ബലി പെരുന്നാൾ ആഘോഷം.

✪✪✪

വേനൽമഴയിലും ചുഴലിക്കാറ്റിലും കൃഷിനാശം ഉണ്ടായ കോഴിക്കോട് കാവിലുംപാറ പഞ്ചായത്തിലെ പ്രദേശങ്ങൾ കൃഷിമന്ത്രി T സിദ്ദിഖ് നേരിൽ കണ്ട് സ്ഥിതിഗതി വിലയിരുത്തുകയാണ്. കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ ഉന്നതതല സംഘവും മന്ത്രിയ്ക്കൊപ്പം ഉണ്ട്. വൈകിട്ട് കൽപ്പറ്റ മേപ്പാടിയിൽ കാട്ടാന ആക്രമണത്തിൽ മരിച്ച ജെസിയുടെ കുടുംബത്തെയും മന്ത്രി നേരിൽ കാണും.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ നാളെ വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ശ്രീലങ്കയിൽ കോമൺവെൽത്ത് ചെസ് ചാമ്പ്യൻഷിപ്പിൽ റാപ്പിഡ്, ബ്ലിറ്റ്സ് കിരീടങ്ങൾ സ്വന്തമാക്കി ഗ്രാൻഡ്മാസ്റ്റർ ഇനിയൻ പനീർസെൽവം. ഓരോ

ഫോർമാറ്റിലും ഏഴ് റൗണ്ടുകളിൽ നിന്ന് 6.5 പോയിന്റുകൾ നേടിയാണ് തമിഴ്നാട് താരം രണ്ട് വിഭാഗങ്ങളിലും ചാമ്പ്യനായത്.

മിത്രഭ ഗുഹയ്ക്കാണ് ക്ലാസിക്കൽ കിരീടം.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ ബിരുദ ദാനചടങ്ങ് ഇന്ന്. നാളത്തെ പാസിംഗ് ഔട്ട് പരേഡിൽ ദക്ഷിണ നാവിക സേന, കമാന്റിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന മുഖ്യാതിഥിയാകും. 311 കേഡറ്റുകളാണ് പരിശീലനം പൂർത്തിയാക്കിയത്. ഇതിൽ 66 പേർ വനിതാ കേഡറ്റുകളാണ്. നാളെത്തെ പാസിംഗ് ഔട്ട് പരേഡിന്റെ ഭാഗമായി ഇന്നലെ അഭ്യാസ പ്രകടനങ്ങൾ നടത്തിയിരുന്നു.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 440 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 16,080 ലെത്തി. 14,510 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

വില്പനയ്ക്ക് കൊണ്ടുവന്ന 37 ഗ്രാമിലേറെ MDMA യുമായി കോഴിക്കോട്ട് ഒരാളെ സിറ്റി ഡാൻസാഫും ടൗൺ പൊലീസും പിടികൂടി. നല്ലളം അരീക്കാട് സ്വദേശി സാജിത് ജമാൽ അഹമ്മദാണ് സൗത്ത് ബീച്ചിലെ ലോഡ്ജിൽ നിന്ന് കസ്റ്റഡിയിലായത്. മയക്ക്മരുന്ന് തൂക്കാൻ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസും, സിപ് ലോക് കവറുകളും, മൊബൈൽ ഫോണുകളും ഇയാളിൽ നിന്ന് കണ്ടെടുത്തു.

✪✪✪

സംസ്ഥാനത്ത് ഹയർ സെക്കൻഡറി പരീക്ഷയിൽ ഏറ്റവും കൂടുതൽ, ഫുൾ A പ്ലസ് നേടിയ സ്കൂൾ എന്ന പദവി കോഴിക്കോട് റഹ്മാനിയ ഹയർ സെക്കൻഡറി സ്കൂൾ നില നിർത്തി. 197 വിദ്യാർത്ഥികളാണ് എല്ലാ വിഷയങ്ങൾക്കും A പ്ലസ് നേടിയത്. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും മുഴുവൻ മാർക്കും നേടിയ നാല് വിദ്യാർത്ഥികളും ഈ സ്കൂളിലാണ്. സംസ്ഥാനത്ത് 60 വിദ്യാർത്ഥികൾക്കാണ് പരീക്ഷയിൽ മുഴുവൻ മാർക്കും ലഭിച്ചത്.

✪✪✪

*News Editor: ശ്രുതി*
*News Reader: നിമിഷ ജി,*
*News Team: അനിൽ ചന്ദ്രൻ , അനുഷ ആത്മപ്രകാശ്,*
*DEO : സി കെ സുബോധ്*